Syro Malabar Commission for Liturgy



# നോമ്പ് ആറാം ഞായർ

ഇടയൻ എന്നത് പഴയനിയമത്തിൽ ചിരപ്രതിഷ്ഠ നേടിയ പദമാണ്. ഇസ്രായേലിലെ പൂർവപിതാക്കന്മാർ ഇടയന്മാരായിരുന്നു. ഞാൻ നല്ല ഇടയനാകുന്നു എന്നാണ് ഈശോ സ്വയം വെളിപ്പെടുത്തുന്നത്. സംരക്ഷിക്കുക, പരിപാലിക്കുക, നേർവഴി നയിക്കുക എന്നിവയാണ് ഇടയദൗത്യങ്ങൾ. ഈശോയാണ് യഥാർഥവാതിൽ. ഈശോയാകുന്ന ഇടുങ്ങിയ വാതിലിലൂടെ മാത്രമേ ആർക്കും ദൈവികജീവനിലേക്ക് പ്രവേശിക്കുവാൻ കഴിയൂ. ഒരു ഇടയനും ഒരു തൊഴുത്തുമെന്നതുപോലെ നാമെല്ലാം ഈശോയുടെ മക്കളാകണം.

ഇടയൻ തന്റെ ദണ്ഡുകൊണ്ട് അജഗണങ്ങളെ നേർവഴിയിലൂടെ നടത്തുന്നതുപോലെ പുരോഹിതനും വിശ്വാസത്തിന്റെ ദണ്ഡുകൊണ്ട് തനിക്ക് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന അജഗണങ്ങളെ തെറ്റുകളിൽനിന്നും അബദ്ധപ്രബോധനങ്ങളിൽനിന്നും സത്യത്തിന്റെ പാതയിലേക്ക് തിരികെക്കൊണ്ടുവരണം. ആടുകളുടെ മണമുള്ള അജപാലകരെയാണ് കാലഘട്ടത്തിനാവശ്യമെന്ന ഫ്രാൻസിസ്പാപ്പായുടെ വാക്കുകൾ ഇത്തരുണത്തിൽ പ്രസക്തമാണ്. മാതാപിതാക്കൾ മക്കൾക്ക്, അദ്ധ്യാപകർ വിദ്യാർഥികൾക്ക്, നേതാക്കന്മാർ അനുയായികൾക്ക് എന്നിങ്ങനെ എല്ലാവരും പരസ്പരം നല്ല ഇടയസ്വഭാവം പുലർത്തണം.

ആരാധനക്രമകമ്മീഷൻ

മൗണ്ട് സെന്റ് തോമസ് കാക്കനാട്        Read more:www.syromalabarliturgy.org